Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515-6(10) തീയതി : 01.10.2018

# സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് ടെലിവിഷൻ വിതരണം ചെയ്യുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : - 1. സ. ഉ(സാധാ) നം. 3732/16/പൊ.വി.വ തീയതി 07.11.2016.
2. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
3. കൈറ്റ് വൈസ് ചെയർമാന്റെ 19.01.2018-ലെ KITE/2018/1515-6(3) നമ്പർ സർക്കുലർ.
4. കൈറ്റ് വൈസ് ചെയർമാന്റെ 17.01.2018 ലെ KITE/2018/1515-6(1) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് എച്ച്.ഡി ടെലിവിഷൻ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. 'കൈറ്റ് വിക്ടേഴ്സ്' വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ, വീഡിയോ കോൺഫറൻസിംഗ് തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്നതിനാണ് സ്കൂളുകൾക്ക് ടെലിവിഷൻ ലഭ്യമാക്കുന്നത്. 2018 ഒക്ടോബർ ആദ്യവാരം മുതൽ ടി.വി ആവശ്യപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്. സ്കൂളുകൾക്ക് ടി.വി വിതരണം ചെയ്യുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾ www.survey.itschool.gov.in-ൽ ആവശ്യപ്പെട്ടതനുസരിച്ചുള്ള ടെലിവിഷൻ അതത് സ്കൂളുകളിൽ ഒക്ടോബർ ആദ്യവാരം മുതൽ LG/Panasonic എന്നീ കമ്പനികളുടെ ടി.വി Keltron/Niskshan നേരിട്ട് എത്തിക്കുന്നതാണ്. സ്കൂൾ പ്രഥമാധ്യാപകർ ഉപകരണം കൈപ്പറ്റി ഡെലിവറി ചെലാൻ ഒപ്പിട്ടു നൽകേണ്ടതാണ്.

2. സ്കൂളുകൾക്ക് ലഭിക്കുന്ന ടെലിവിഷൻ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതിന് കമ്പനി അധികൃതർ നേരിട്ട് സ്കൂളുകളിൽ എത്തുന്നതാണ്. അതിനാൽ ലഭിക്കുന്ന ഉപകരണ പാക്കറ്റ് ഭദ്രമായി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

3. കുട്ടികളുടെ ക്ലാസ്റൂം പഠനത്തിനുപരി പൊതുവായി പ്രദർശിപ്പിക്കേണ്ട/ഉപയോഗിക്കേണ്ട വീഡിയോകൾ പ്രദർശിപ്പിക്കുന്നതിന് ഉതകുന്ന രീതിയിൽ സ്കൂൾ ലൈബ്രറി പോലെ പൊതു സ്ഥലങ്ങളിലാണ് ടെലിവിഷൻ വാൾമൗണ്ട് ചെയ്യേണ്ടത്. അതിനാൽ ടി.വി സ്ഥാപിക്കേണ്ട സ്ഥലം സ്റ്റാഫ് മീറ്റിംഗിലോ ഉചിതതലങ്ങളിലോ ആലോചിച്ച് തെരഞ്ഞെടുക്കേണ്ടതും (വൈദ്യുത പ്ലഗ് പോയിന്റ് ഉറപ്പുവരുത്തേണ്ടതാണ്) കമ്പനി അധികൃതർ സ്കൂളിൽ എത്തുമ്പോൾ ഇൻസ്റ്റലേഷന് സൗകര്യമൊരുക്കേണ്ടതുമാണ്.

4. 43" Full HD-LED TV യാണ് വിതരണം ചെയ്യുന്നത്. LG യുടെ Model No:43LU340C യോ Panasonic ന്റെ LH43RM1DX യോ ആണ് സ്കൂളുകൾക്ക് ലഭ്യമാക്കുന്നത്. സ്കൂൾ പ്രഥമാധ്യാപകർ ഇത് ഉറപ്പുവരുത്തേണ്ടതാണ്.

5. കമ്പനി അധികൃതർ ഇൻസ്റ്റലേഷൻ പൂർത്തിയാക്കുമ്പോൾ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റിന്റെ മൂന്ന് കോപ്പി സ്കൂൾ പ്രഥമാധ്യാപകന് നൽകുന്നതാണ്. ഇൻസ്റ്റലേഷൻ പരിശോധിച്ച് (യാതൊരു വിധ ഫിസിക്കൽ ഡാമേജും ഇല്ലെന്ന് ഉറപ്പുവരുത്തി) ടെലിവിഷന്റെ പ്രവർത്തനം സംബന്ധിച്ച സംശയനിവാരണം വരുത്തി ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റിന്റെ രണ്ട് കോപ്പി ഒപ്പിട്ട് ഓഫീസ് സീൽ വച്ച് കമ്പനി അധികൃതർക്ക് നൽകേണ്ടതും ഒരു കോപ്പി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

6. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന ദിവസംതന്നെ സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രഥമാധ്യപകൻ ഒപ്പിട്ട് സൂക്ഷിക്കേണ്ട താണ്.

7. സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ടി.വി.ക്ക് അഞ്ച് വർഷത്തെ ഓൺസൈറ്റ് വാറണ്ടിയുണ്ട്. അതിനാൽ ഉപകരണത്തിന് കേടുപാട് സംഭവിച്ചാൽ kite.kerala.gov.in/support എന്ന വെബ് സൈറ്റിൽ ഉടൻതന്നെ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും വിധത്തിൽ പ്രയാസം നേരിട്ടാൽ 1800 425 6200 എന്ന ടോൾഫ്രീ നമ്പരിൽ അറിയിക്കേണ്ടതാണ്.

8. സ്കൂളുകൾക്ക് സൗജന്യമായാണ് ഉപകരണം ലഭ്യമാക്കുന്നത്. ആയതിനാൽ ഇൻസ്റ്റലേഷൻ ഉൾപ്പെടെ യാതൊന്നിനും ഇതുമായി ബന്ധപ്പെട്ട് സ്കൂളിൽ നിന്ന് തുക ചെലവഴിക്കേണ്ടതില്ല.

**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
എല്ലാ ആർ.ഡി.ഡി./എ.ഡി. മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ